"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മത്തായിചാക്കോ മെമ്മോറിയൽ മലബാർ സ്പോർട്സ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (MASDCOS) യിൽ നിന്നും സ്പോർട്സ് ഉപകരണങ്ങൾ ടെണ്ടർ കൂടാതെ വാങ്ങാൻ കോഴിക്കോട് ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.587/2026/LSGD തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:-

1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 22.10.2025-ന്റെ നടന്ന യോഗത്തിന്റെ തീരുമാനം 4.26
2. ബഹു. തിരുവമ്പാടി MLA യുടെ 20.01.2026-ലെ GEN/MLATDY/07/26-ാം നമ്പർ കത്തും MASDCOS സൊസൈറ്റി സെക്രട്ടറിയുടെ കത്തും
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.02.2026-ന്റെ നടന്ന യോഗത്തിന്റെ തീരുമാനം 4.12

**ഉത്തരവ്**

സ്പോർട്സ് രംഗത്തെ കേരളത്തിലെ ആദ്യ സഹകരണ സ്ഥാപനമാണ് തിരുവമ്പാടിയിൽ പ്രവർത്തിച്ചു വരുന്ന മത്തായി ചാക്കോ മെമ്മോറിയൽ മലബാർ സ്പോർട്സ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (MASDCOS). കായികതാരങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകുക, തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കായിക പരിശീലന ഉപകരണങ്ങൾ മിതമായ വിലക്ക് ലഭ്യമാക്കുക തുടങ്ങിയ സേവനങ്ങൾ MASDCOS നൽകുന്നുണ്ട്. മാസ്ഡികോസ് വിതരണം ചെയ്യുന്ന സ്പോർട്സ് ഉപകരണങ്ങളുടെ വില MRP, മാർക്കറ്റ് വില എന്നിവയെക്കാളും കുറച്ചാണ് എന്നും, മിതമായ നിരക്കിൽ കായിക പരിശീലന ഉപകരണങ്ങൾ ലഭ്യമാക്കുകയെന്ന സൊസൈറ്റിയുടെ ലക്ഷ്യം കൂടി പരിഗണിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കായിക പരിശീലന ഉപകരണങ്ങൾ ടെണ്ടർ നടപടി ഒഴിവാക്കി മാസ്ഡികോസിൽ നിന്നും വാങ്ങാൻ അനുമതി നൽകണമെന്നും MASDCOS സൊസൈറ്റി സെക്രട്ടറി പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാസ്ഡികോസ് സമർപ്പിച്ച താരതമ്യപത്രം അനുസരിച്ച് ഈ സ്ഥാപനം ഈടാക്കുന്ന വില മാർക്കറ്റ് വിലയേക്കാൾ കുറവാണ് എന്നത് പരിഗണിച്ച്, **കോഴിക്കോട് ജില്ലയിലെ** തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സ്പോർട്സ്

ഉപകരണങ്ങൾ മാസ്ഡിക്കോസിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാൻ പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റഷീദാ എസ്

ജോയിന്റ് സെക്രട്ടറി

1. സെക്രട്ടറി, മത്തായി ചാക്കോ മെമ്മോറിയൽ മലബാർ സ്പോർട്സ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ കോഓപ്പറേറ്റീവ് സൊസൈറ്റി (MASDCOS), തിരുവമ്പാടി പി.ഒ., കോഴിക്കോട് - 673603
2. കോഴിക്കോട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. കോഴിക്കോട് ജില്ലയിലെ എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. പ്രസിഡന്റ്/ സെക്രട്ടറി, കോഴിക്കോട് ജില്ലാ പഞ്ചായത്ത്
5. മേയർ/സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ
6. കോഴിക്കോട് ജില്ലയിലെ എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട്
13. ജോയിന്റ് ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്), കോഴിക്കോട്
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ജനറൽ) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 05-03-2026 18:01:06

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്